**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4929** **04-07-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞാണി ബസ്സ്റ്റാന്റിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ബി.എം. പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും കാഞ്ഞാണി ബസ് സ്റ്റാന്റിനോട് ചേർന്ന കാനയിലൂടെ വെള്ളം ഒഴുകി പോകുന്ന തരത്തിൽ പുനഃക്രമീകരണം നടത്താത്തതിനാൽ പ്രസ്തുത ബസ് സ്റ്റാന്റിലും പരിസര പ്രദേശങ്ങളിലും വെള്ളക്കെട്ടും തന്മൂലം അപകടങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിൽ കി.മീ. 7/200 ൽ കാഞ്ഞാണി ബസ് സ്റ്റാന്റിനു മുൻവശത്ത് സ്ഥിതി ചെയ്യുന്ന കാന പുനർ നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ കി.മീ. 7/000- 14/600 ൽ നടന്നു വരുന്ന ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പിലാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതോടെ പരാതിയ്ക്ക് പരിഹാരം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ